പി&എം എ(1) 2221 /2021 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം,തീയതി:**08/11/2021**

**സർക്കുലർ നമ്പർ -46-/2021**

വിഷയം: സഹകരണ വകുപ്പ്- സംസ്ഥാന പദ്ധതി, എൻ.സി.ഡി.സി പദ്ധതികൾ പ്രകാരം അനുവദിക്കുന്ന ധനസഹായം വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ - പദ്ധതിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നത് -സംബന്ധിച്ച്

സൂചന: 24/06/2021 ലെ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലെ നിർദേശം.

ഒരോ സാമ്പത്തിക വർഷവും സംസ്ഥാന പദ്ധതി, എൻ.സി.ഡി.സി പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി, സഹകരണ സംഘങ്ങൾക്ക് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ധനസഹായം അനുവദിക്കുന്നുണ്ട്. ഇപ്രകാരം അനുവദിക്കുന്ന ധനസഹായം വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ/ നിർമ്മാണ പ്രവർത്തനങ്ങളിൽ സഹകരണ വകുപ്പിന്റെയും കേരള സർക്കാരിന്റെയും ലോഗോയും, പദ്ധതി സംബന്ധിച്ച വിവരണവും പ്രദർശിപ്പിക്കേണ്ടതാണ്. 3 അടി നീളവും 2 അടി വീതിയും ഉള്ള ബോർഡിന്റെ മാതൃക ചുവടെ ചേർക്കുന്നു.

| |
|---|
| കേരള സർക്കാർ<br>സഹകരണ വകുപ്പ് |
| സംസ്ഥാന/എൻ.സി.ഡി.സി പദ്ധതിയുടെ പേര്: |
| പദ്ധതി സഹായം:<br>(സംസ്ഥാന പദ്ധതി/എൻ.സി.ഡി.സി) |
| സാമ്പത്തിക വർഷം: |
| പദ്ധതി തുക: |
| സർക്കാർ ധനസഹായ തുക: |
| പദ്ധതി തുക ഉപയോഗിച്ച് പൂർത്തീകരിച്ച പ്രോജക്ടിന്റെ വിവരം: |

ധനസഹായത്തിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനോടൊപ്പം മേൽ പരാമർശിച്ചിട്ടുള്ള മാതൃകയിലുള്ള ബോർഡ് സംഘം സ്ഥാപിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം കൂടി സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
പി.ബി.നൂഹ് ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

<u>പകർപ്പ്</u>

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
2. സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളും.
3. സഹകരണ വീഥി (പ്രസിദ്ധീകരണത്തിന്)
4. സഹകരണ ജേണൽ (പ്രസിദ്ധീകരണത്തിന്)
5. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
6. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
7. വെബ് സൈറ്റ്
8. സ്റ്റോക്ക് ഫയൽ.

//നിർദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (പി.ആന്റ്.എം-എ)